പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1785 — 18.06.2012 ൽ മറുപടിക്ക്

ക്രിമിനൽ കേസിൽ പ്രതികളായ ഉന്നത പോലീസ് ഉദ്യോഗസ്ഥർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. അജിത് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | ഉന്നത പോലീസ് ഉദ്യോഗസ്ഥർ ക്രിമിനൽ കേസിൽ പ്രതികളാകുന്നതിനെതിരെ ഹൈക്കോടതി നടത്തിയ പരാമർശത്തിൽ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) | ഹൈക്കോടതി പരാമർശത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള കേസുകൾ ശ്രദ്ധയിൽപ്പെടുമ്പോൾ തുടർ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇത്തരം കേസുകൾ പോലീസ് ആസ്ഥാനത്ത് നേരിട്ട് പരിശോധിക്കുവാനും തുടർന്ന് ഇന്റലിജൻസ് മേധാവിയുടെ റിപ്പോർട്ടനുസരിച്ച് തുടർ നടപടികൾ കൈക്കൊള്ളുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കോടതി പരാമർശത്തിനു ശേഷം ഇത്തരത്തിലുള്ള എത്ര ഉദ്യോഗസ്ഥർ ക്രിമിനൽ കേസുകളിൽ പ്രതികളായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) | ഒരു ഉന്നത പോലീസ് ഉദ്യോഗസ്ഥൻ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (സി) | ശ്രീ. ഇ.ജെ. ജയരാജ്, ഐ.പി.എസ്., ഡി.ഐ.ജി., AP Bn. |
| (ഡി) | പ്രതികളാക്കപ്പെട്ട ഉദ്യോഗസ്ഥരിൽ സ്ത്രീകൾ ഉൾപ്പെട്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര സ്ത്രീകൾ ഇത്തരം കേസിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ